LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നടപ്പിലാക്കിയിട്ടില്ല. 14-7-2014-ൽ '108' ആംബുലൻസിന്റെ മാനേജിംഗ് ഏജൻസിയായ കെ.എം.എസ്.സി.എൽ. ഒരു ടെൻഡർ ക്ഷണിക്കുകയും അതിൽ ജി.വി.കെ., ഇ.എം.ആർ.ഐ. എന്ന കമ്പനി ആംബുലൻസുകളുടെ പ്രതിമാസ പ്രവർത്തനങ്ങൾക്കായി ഏറ്റവും കറഞ്ഞ നിരക്കുകൾ സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ക്യാബിനറ്റ് അംഗീകരിച്ച നിരക്കുകൾ അംഗീകരിക്കാത്ത കമ്പനി ടെണ്ടർ പ്രൈസിംഗ് പുനഃപരിശോധിക്കാനായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) '108' ആംബുലൻസ് പദ്ധതി എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുമെന്ന പ്രഖ്യാപനത്തിനനുസൃതമായി സംസ്ഥാന സർക്കാർ ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ ആരംഭിച്ച നിലവിലുള്ള '108' ആംബുലൻസ് സർവ്വീസ് കരാറിന് അനുസൃതമായി നടക്കാത്ത സാഹചര്യത്തിൽ ഓപ്പറേറ്റിംഗ് ഏജൻസിക്ക് കരാർപ്രകാരം കൊടുക്കുവാനുള്ള തുകയിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

(ഡി) '108' ആംബുലൻസിന്റെ സേവനത്തിൽ അക്കൗണ്ടന്റ് ജനറൽ വളരെയധികം ക്രമക്കേടുകൾ ആരോപിച്ചിരുന്നു. അതിൽ പ്രധാനപ്പെട്ടത് ഓപ്പറേറ്റിംഗ് ഏജൻസിയായിരുന്ന 'സികിത്സ ഹെൽത്ത് കെയർ' എന്ന കമ്പനിക്ക് ഉടമ്പടി പ്രകാരം 2000 കി.മീ.നു മുകളിൽ അധിക ചാർജ്ജ് നൽകി എന്നുള്ളതാണ്. അതിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടന്നുവരുന്നുണ്ട്. പിന്നീടുള്ള ഓപ്പറേറ്റിംഗ് ഏജൻസിയായ ജി.വി.കെ.ഇ.എം.ആർ.ഐ.-യ്ക്ക് വാഹനങ്ങൾ ഓടാതിരുന്നിട്ടും തുക നൽകി എന്നുള്ളതായിരുന്നു മറ്റൊരു ആരോപണം. അതിൻപ്രകാരം ആദ്യ മൂന്ന് മാസങ്ങളിലും ഓടാതിരുന്ന വാഹനങ്ങൾക്ക് കരാർപ്രകാരമുള്ള പിഴ കണക്കാക്കി കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന് മുൻപാകെ വയ്ക്കുകയും ബോർഡ് നിർദ്ദേശപ്രകാരം പ്രസ്തുത തുക തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

## 108 അംബുലൻസ് കരാർ

**129 (794)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 108 ആംബുലൻസ് കരാറുമായി ബന്ധപ്പെട്ട് ജി.വി.കെ. ഇ.എം.ആർ.ഐ. എന്ന കമ്പനിക്കെതിരെ ഉണ്ടായ ആരോപണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വാഹനങ്ങൾ പ്രവർത്തനക്ഷമമാകാതിരുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാഹനങ്ങൾ പ്രവർത്തനക്ഷമമാകാതിരുന്നതിനെത്തുടർന്ന് പിഴ ഈടാക്കുവാനുള്ള കരാറിലെ നിബന്ധന പ്രകാരം കമ്പനിക്ക് കൊടുക്കുവാനുള്ള തുകയിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ ഹെവി ഡ്യൂട്ടി ഡ്രൈവർ ഗ്രേഡ് 2 തസ്തികയിലെ ഒഴിവുകൾ**

**130 (795)** ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ആരോഗ്യ കുടുംബക്ഷേമവകുപ്പിൽ ഹെവിഡ്യൂട്ടി ഡ്രൈവർ ഗ്രേഡ് 2 തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത തസ്തികയിലേക്കുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ആരോഗ്യവകുപ്പ് ഡയറക്ടറിനുകീഴിൽ എട്ട് ഒഴിവുകൾ ഉണ്ട്.

(ബി & സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ ആരോഗ്യ സുരക്ഷാ പദ്ധതികൾ**

**131 (796)** ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി എല്ലാവർക്കും ആരോഗ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly